**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് മുൻ സീനിയർ ക്ലാർക്ക് ശ്രീ. പി.കെ. സജീവന്റെ സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.3483/2016/തസ്വഭവ　　　　　　　　തീയതി, തിരുവനന്തപുരം, 21.12.2016

==========================================================================

പരാമർശം: 1. പള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 08.06.2015-ലെ എ 7-4627/15-ാം നമ്പർ കത്ത്

2. ശ്രീ. പി.കെ. സജീവ് സമർപ്പിച്ച ഒ.എ.1905/2015-മേലുള്ള 12.11.2015-ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ്

3. സ.ഉ.(സാധാ) നം.211/16/തസ്വഭവ തീയതി 05.03.2016

4. പഞ്ചായത്ത് ഡയറക്ടറുടെ 04.07.2016-ലെ ഡി9-41497/15-ാം നമ്പർ കത്ത്

**ഉത്തരവ്**

പള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കായി ശ്രീ. പി.കെ. സജീവ് സേവനമനുഷ്ഠിക്കവേ 26.05.2015-ലെ കളക്ഷൻ തുക അക്കൗണ്ടിൽ ഒടുക്കാതെ ബോധപൂർവ്വം കൈവശം വച്ച് സാമ്പത്തിക തിരിമറി നടത്തി എന്ന കുറ്റം ചുമത്തി ടിയാനെ പള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സൂചന (1) പ്രകാരം സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്തു. ആയതിന് എതിരായി ടിയാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഒ.എ.1905/15-ാം നമ്പരായി അപ്പീൽ സമർപ്പിച്ചു. ഈ വിഷയം പരിഗണിച്ച ബഹു. കോടതി പരാതിക്കാരനെ നേരിൽക്കേട്ട് 3 മാസത്തിനകം തീരുമാനം എടുക്കുന്നതിന് സൂചന (2) പ്രകാരം സർക്കാരിനെ ചുമതലപ്പെടുത്തി. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സൂചന (3) പ്രകാരം പ്രസിഡന്റിന്റെ സസ്പെൻഷൻ ഉത്തരവ് റദ്ദ് ചെയ്തു. അതനുസരിച്ച് 04.05.2016-ൽ ശ്രീ. പി.കെ. സജീവ് പള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പുന:പ്രവേശിച്ചു.

പള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കായിരുന്ന ശ്രീ. പി.കെ. സജീവനെ പഞ്ചായത്ത് പ്രസിഡന്റ് സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത ഉത്തരവ് സർക്കാർ റദ്ദ് ചെയ്യുകയും ടിയാൻ ജോലിയിൽ പുന:പ്രവേശിക്കുകയും ചെയ്ത സാഹചര്യത്തിൽ ടിയാൻ സസ്പെൻഷനിലായിരുന്ന 08.06.2015 മുതൽ 03.05.2016 വരെ കാലയളവ് ഡ്യൂട്ടിയായി ക്രമീകരിച്ച് നൽകണമെന്ന് കാണിച്ച് ശ്രീ. പി.കെ. സജീവൻ സമർപ്പിച്ച അപേക്ഷ സൂചന (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കായിരുന്ന ശ്രീ. സജീവന്റെ സസ്പെൻഷൻ റദ്ദാക്കിയിട്ടുള്ള സാഹചര്യത്തിൽ 08.06.2015 മുതൽ 03.05.2016 വരെയുള്ള കാലയളവ് ടിയാൻ കൈപ്പറ്റിയ ഉപജീവനബത്ത കഴിച്ചുള്ള ശമ്പളവും അലവൻസുകളും ഉൾപ്പെടെ എല്ലാ കാര്യങ്ങൾക്കും ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. പി.കെ. സജീവൻ, മുൻ സീനിയർ ക്ലാർക്ക്, പള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത്.
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ